# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6644** **21.11.2019-ൽ മറുപടിയ്ക്ക്**

**ചീനവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരുടെ തൊഴിൽ സംരക്ഷണം**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, പെരുമ്പടപ്പ് മേഖലകളിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, പെരുമ്പടപ്പ് മേഖലകളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കുമ്പളങ്ങി പെരുമ്പടപ്പ് കായലിനെ ആശ്രയിച്ചാണ് ഉപജീവനം നടത്തി വരുന്നത്. പ്രസ്തുത കായലിൽ എക്കൽ അടിഞ്ഞ് ആഴം കുറഞ്ഞത് കായലിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുകയും ആയത് മൂലം ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റം കായലിലെ മത്സ്യ ലഭ്യത ഗണ്യമായി കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൂടാതെ വിവിധ മത്സ്യ സംസ്ക്കരണ ശാലകളിൽ നിന്നും പുറന്തള്ളുന്ന മലിനജലവും അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിക്കുന്ന കുറ്റിവലകളും, ചീനവലകളും ഈ കായലിനെ ആശ്രയിച്ചു കഴിയുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വൻ ഭീഷണിയാണ്. |
| ബി) ചീനവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഇവരുടെ തൊഴിൽ സംരക്ഷി ക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>സി) എങ്കിൽ വിശദാംശം അറിയിക്കുമോ? | ബി) യും സി) യും | തൊഴിൽ സംരക്ഷണത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിൽ നിന്നും നിലവിൽ ലഭിച്ചിട്ടുള്ള വ്യവസ്ഥാപിത ലൈസൻസുള്ളവരുടെ ചീന വലകൾക്ക് ലൈസൻസ് പുതുക്കി നൽകി വരുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷനും ലൈസൻസുമില്ലാതെ അനധികൃതമായി സ്ഥാപിച്ചി രിക്കുന്ന ചീനവലകൾ 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് സെക്ഷൻ 6 (2), 2013 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും റൂൾസ് ചട്ടം 4 (3) പ്രകാരം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**